**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3505** **02-03-2023 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിൽ മാംഗോ ഹബ്ബ് ആരംഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മാങ്ങ ഉൽപ്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ മാംഗോ ഹബ്ബ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ മാംഗോ ഹബ്ബ് എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നില്ല. സ്റ്റേറ്റ് സീഡ് ഫാം മുതലമടയിൽ മാംഗോ അഗ്രോ പാർക്ക് എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. മാംഗോ അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം മുതലമടയിലാണ് കണ്ടെത്തിയിട്ടുള്ളത്. കർഷകരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും INKEL പ്രതിനിധികളും ഉൾപ്പെടെ പദ്ധതി സംബന്ധിച്ച യോഗം നടത്തി വിശദമായ പ്രോജക്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മുതലമട പഞ്ചായത്ത് വക സ്ഥലത്ത് ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊജക്റ്റിന് അംഗീകാരം ലഭിച്ചാൽ ഉടൻ തന്നെ പദ്ധതി ആരംഭിക്കുന്നതാണ്.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നെന്മാറ നിയോജകമണ്ഡലത്തിൽ മാവ് കൃഷി വികസനം ലക്ഷ്യമാക്കി "എ പൈലറ്റ് പ്രൊജക്റ്റ് ഫോർ മാംഗോ കൾട്ടിവേഷൻ" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 4 പഞ്ചായത്തുകളിൽ 11 ഘടകങ്ങളിലായി 236.65877 ലക്ഷം രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 19.70633 ലക്ഷം രൂപയും പി.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 1.1 ലക്ഷം രൂപയുമാണ് നാളിതുവരെയായി കർഷകർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ മാംഗോ ഹബ്ബ് എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നില്ല. സ്റ്റേറ്റ് സീഡ് ഫാം മുതലമടയിൽ മാംഗോ അഗ്രോ പാർക്ക് എന്ന പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. മാംഗോ അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം മുതലമടയിലാണ് കണ്ടെത്തിയിട്ടുള്ളത്. കർഷകരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും INKEL പ്രതിനിധികളും ഉൾപ്പെടെ പദ്ധതി സംബന്ധിച്ച യോഗം നടത്തി വിശദമായ പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മുതലമട പഞ്ചായത്ത് വക സ്ഥലത്ത് ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊജക്റ്റിന് അംഗീകാരം ലഭിച്ചാൽ ഉടൻ തന്നെ പദ്ധതി ആരംഭിക്കുന്നതാണ്.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നെന്മാറ നിയോജകമണ്ഡലത്തിൽ മാവ് കൃഷി വികസനം ലക്ഷ്യമാക്കി "എ പൈലറ്റ് പ്രൊജക്റ്റ് ഫോർ മാംഗോ കൾട്ടിവേഷൻ" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 4 പഞ്ചായത്തുകളിൽ 11 ഘടകങ്ങളിലായി 236.65877 ലക്ഷം രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 19.70633 ലക്ഷം രൂപയും പി.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 1.1 ലക്ഷം രൂപയുമാണ് നാളിതുവരെയായി കർഷകർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ